ലേഖനം

●

പ്രഫ. ഖുർശിദ് അഹ്മദ്

# കെറി-ലുഗാർ ബില്ലും പാകിസ്താന്റെ ഭാവിയും




**ചരിത്രത്തിൽനിന്ന്** പാഠം പഠിക്കാത്തവരെ ചരിത്രം പാഠം പഠിപ്പിക്കും. നമുക്കിഷ്ടപ്പെടാത്ത കാര്യങ്ങളായിരിക്കും പലപ്പോഴും നമുക്ക് ഗുണകരമായി ഭവിക്കുക. ചരിത്രത്തിന്റെ കരണംമറിച്ചിലിൽ നാമെന്തൊക്കെ കണ്ടവരാണ്. അത്തരമൊരു വിധിവൈപരീത്യത്തിന് 2007 മാർച്ച് ഒമ്പതിന് പാകിസ്താൻ സാക്ഷ്യം വഹിച്ചു. അമേരിക്കൻ പ്രസിഡന്റ് ബുഷിന്റെ സംരക്ഷണം ഉറപ്പുവരുത്താനായി പാകിസ്താനിലെ ചീഫ് ജസ്റ്റിസിനെ സ്ഥാനഭ്രഷ്ടനാക്കി നീതിന്യായ വ്യവസ്ഥയെ സ്വന്തം വരുതിയിൽ നിർത്താൻ പാകിസ്താനിലെ സൈനിക ഭരണാധികാരി ധൃഷ്ടനായി. 2007 നവംബർ മൂന്നിന് നീതിന്യായത്തിന് നേരെ വീണ്ടും ചാട്ടയോങ്ങി സ്വന്തം അധികാരത്തിന് ദീർഘായുസ്സ് നൽകാൻ അയാൾ ശ്രമിച്ചെങ്കിലും, ഒടുവിൽ നിന്ദ്യനായി ഭരണത്തിൽനിന്ന് പുറത്താക്ക

പ്പെടുകയായിരുന്നു. അഭിഭാഷകരും സിവിലിയന്മാരും രാഷ്ട്രീയക്കാരും മാധ്യമങ്ങളും ചേർന്ന് രണ്ടു വർഷമായി നടത്തി വന്ന ചരിത്രം സൃഷ്ടിച്ച ചെറുത്തുനിൽപ്, 2009 മാർച്ചിൽ ഫലം കണ്ടു. നന്മയുടെ പുതിയ നാമ്പുകൾ; നീതിപൂർവകവും സ്വതന്ത്രവുമായ കോടതി. ഇതിന്റെ പശ്ചാത്തലത്തിലാണ്, കെറി-ലുഗാർ (Kerry- Lugar) ബില്ലിലൂടെ അമേരിക്ക പാകിസ്താനെ കൈപിടിയിലൊതുക്കാൻ നടത്തുന്ന ശ്രമങ്ങളെ ചെറുത്തുനിന്ന്, സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു വിദേശനയം സ്വീകരിക്കാൻ പാകിസ്താൻ ഭരണകൂടത്തെ പ്രേരിപ്പിക്കാനാവുമെന്ന് പാകിസ്താനികൾ പ്രത്യാശിക്കുന്നത്. അതുവഴി അറുപത് വർഷമായി പാകിസ്താൻ അകപ്പെട്ടിട്ടുള്ള രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരികാടിമത്തങ്ങളിൽനിന്ന് രക്ഷപ്പെടാമെന്ന നേരിയ പ്രതീക്ഷയും അവർക്കുണ്ട്. മുശർറഫിന്റെ ഏകാധിപത്യ ഭരണത്തിനെതിരെയും കോടതിയെ വരുതിയിലാക്കാനുള്ള നിലവിലുള്ള പ്രസിഡന്റ് ആസിഫ് സർദാരിയുടെ ശ്രമങ്ങൾക്കെതിരെയും രണ്ട് വർഷമായി നടന്ന ശക്തമായ പോരാട്ടമാണ് വിദേശാധിപത്യത്തിനെതിരെ കൈകോർക്കാൻ പ്രചോദനമാകേണ്ടത്.


> **1954-ൽ തുടങ്ങിയ 'യജമാന-ഭൃത്യ' ബന്ധത്തിന്റെ പരമകാഷ്ഠയായി ഈ ബില്ലിനെ കാണാം. ഇതിലൂടെ പാകിസ്താനികൾ അധിനിവേശിതരും അമേരിക്കക്കാർ യജമാനന്മാരും ആയി മാറുന്നു. ബില്ലിന്റെ ഭാഷയിൽ പോലും തത്തുല്യ ബന്ധത്തിന്റെയോ സൗഹൃദത്തിന്റെയോ സ്വരമില്ല. സാമന്ത രാജ്യങ്ങൾക്കുള്ള തിട്ടൂരത്തിന്റെ ഭാഷയാണതിൽ കാണുന്നത്.**

## ബില്ലിലെ കാണാചരടുകൾ

ബില്ലിലെ മൂന്ന് വകുപ്പുകളാണ് പ്രധാനമായും ചർച്ചാ വിഷയമാവുന്നത്. ബില്ലിനെ അനുകൂലിക്കുന്നവർ സാധാരണ പോലെ ഇതും നിസ്സാരമായി കാണുകയാണ്. "അവർ ചില ഉപാധികളൊക്കെ വെക്കുമെന്നത് സ്വാഭാവികമല്ലേ?" എന്നാണവർ ചോദിക്കുന്നത്. ധനസഹായ ഏജൻസികൾ പണം നൽകുമ്പോൾ രാഷ്ട്രീയ സാമ്പത്തിക അജണ്ടകൾ മുന്നോട്ടുവെക്കുക സാധാരണമാണ്. ധാർമികവും മാനുഷികവുമായ തലങ്ങളിൽ നിന്നുകൊണ്ടുള്ള നിർദോഷ സഹായങ്ങൾ ഇക്കാലത്ത് മരീചികയാണല്ലോ. അക്കാര്യം, രണ്ടാം ലോകയുദ്ധ ശേഷം അമേരിക്കൻ രാഷ്ട്രീയ നയങ്ങൾക്ക് രൂപകൽപന നടത്തിയ ജോർജ് കെനൻ വ്യക്തമാക്കിയിട്ടുണ്ട്. "വിദേശനയത്തിന് ധർമം, നീതി എന്നിവയുമായി യാതൊരു ബന്ധവുമില്ല. അത് ലാഭ-നഷ്ടങ്ങളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്."

1954 മുതൽ അമേരിക്ക പാകിസ്താന് നൽകിപ്പോന്ന സാമ്പത്തിക, സൈനിക സഹായങ്ങൾ പരിശോധിക്കുക. അമേരിക്കൻ താൽപര്യങ്ങൾ മറനീക്കി പുറത്തുവരുന്നത് കാണാനാവും. പലപ്പോഴും പാകിസ്താൻ ഭരണകൂടം രാജ്യത്തിന്റെ പരമാധികാരം വരെ അതിന് വേണ്ടി അടിയറ വെച്ചിട്ടുണ്ട്. അവരുടെ കെണിയിൽ പെടാതിരിക്കാനുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഇങ്ങനെ കുതറിമാറാൻ ശ്രമിച്ചപ്പോൾ പോലും, ഈ ബില്ലിൽ കാണുന്നത്ര കർശനമായിരുന്നില്ല അന്നത്തെ വ്യവസ്ഥകൾ. ബില്ലിന്റെ ഗൂഢലക്ഷ്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

– ഉപാധികളിൽ പുതുമയില്ലെങ്കിലും അതിന്റെ രൂപവും ഭാഷയും പ്രത്യാഘാതവും വേറിട്ടുനിൽക്കുന്നു. അവ ഗൗരവത്തിൽ കൈകാര്യം ചെയ്യപ്പെടണം.




–എല്ലാ ഉപാധികളും ഏകപക്ഷീയവും അമേരിക്കയുടെ താൽപര്യം മാത്രം മുമ്പിൽ കണ്ടുള്ളതുമാണ്.

– ഉപാധികൾ വർധിച്ചിരിക്കുന്നു. അത് ക്രമേണ പാകിസ്താന് വിനാശകരമാവുമെന്ന് തീർച്ച.

– പരസ്പര സഹകരണമോ ദീർഘ കാല സൗഹൃദമോ ഒന്നുമല്ല ഈ സഹായങ്ങളുടെ ലക്ഷ്യം. അമേരിക്കയുടെ വിദേശനയം നടപ്പാക്കലും അതിലൂടെ ലോക മേൽക്കോയ്മ ഉറപ്പിക്കലുമാണ്.

1954–ൽ തുടങ്ങിയ 'യജമാന–ഭൃത്യ' ബന്ധത്തിന്റെ പരമകാഷ്ഠയായി ഈ ബില്ലിനെ കാണാം. ഇതിലൂടെ പാകിസ്താനികൾ അധിനിവേശിതരും അമേരിക്കക്കാർ യജമാനന്മാരും ആയി മാറുന്നു. ബില്ലിന്റെ ഭാഷയിൽ പോലും തത്തുല്യ ബന്ധത്തിന്റെയോ സൗഹൃദത്തിന്റെയോ സ്വരമില്ല. സാമന്ത രാജ്യങ്ങൾക്കുള്ള തിട്ടൂരത്തിന്റെ ഭാഷയാണതിൽ കാണുന്നത്. ലജ്ജാവഹം! അടിമത്തത്തിന്റെ ചങ്ങലകളാണ് തലക്കുമുകളിൽ തൂങ്ങിനിൽക്കുന്നത്.

നേരത്തെ സൈനിക ഭരണകൂടമായിരുന്നു സ്വന്തം ജനതയെ വിദേശാടിമത്തത്തിലേക്ക് തെളിച്ചിരുന്നെങ്കിൽ, ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ ഭരണകൂടംതന്നെ ഈ നിഷ്ഠുരതക്ക് കാർമികത്വം വഹിക്കുകയാണ്. ഏറെ ചർച്ചകൾക്ക് വഴിവെച്ച, അമേരിക്കൻ സെനറ്റ് അംഗീകരിച്ച നിയമം തുറന്ന പുസ്തകം പോലെ പാകിസ്താനിലെ ജനതക്ക് മുമ്പിലുണ്ട്. ലോകമാധ്യമങ്ങൾ ഇതിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്തിട്ടുമുണ്ട്. പാർലമെന്റിൽ ഇത് ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞുവെങ്കിലും, ഇടക്കു വെച്ച് ഭരണകൂടം പ്രശ്നം ഹൈജാക്ക് ചെയ്ത് ഒരു ഒത്തുതീർപ്പ് ഫോർമുലയുമായി വരുന്നതാണ് കണ്ടത്. ഏറ്റവുമൊടുവിൽ, 'സൗഹൃദത്തിന്റെ ധാരണാപത്രം' എന്ന പേരിലാണ് ഈ കാൽചങ്ങലകൾ എടുത്തണിയാൻ പോകുന്നത്. എന്നാൽ ജനതയൊന്നടങ്കം ഇതിനെ നിരാകരിക്കുകയും ആശങ്കകൾ പങ്കുവെക്കുകയും ചെയ്തിരിക്കുന്നുവെന്നത് ശുഭോദർക്കമാണ്. അതിന്റെ തെളിവാണ് 'ഗ്യാലപ്പ് പാകിസ്താൻ സർവേ'യിൽ കാണാനായത്. ജമാഅത്തെ ഇസ്‌ലാമി നടത്തിയ ഈ റഫറണ്ടത്തിൽ ബഹുഭൂരിഭാഗം കെറി–ലുഗാർ ബില്ലിനെ തള്ളിക്കളയുകയായിരുന്നു.

സർവേ റിപ്പോർട്ട്:

ബില്ലിനെ നിരാകരിച്ചവർ: 52%, അംഗീകരിച്ചവർ 15%

പാകിസ്താന്റെ സാമ്പത്തിക രംഗം മെച്ചപ്പെടാനുതകുമോ? 60% ഇല്ല


പൊതുജനത്തിന്റെ ജീവിതത്തെ ക്രിയാത്മകമായി സ്വാധീനിക്കുമോ? 69% ഇല്ല

പാകിസ്താന് സ്വന്തം കാലിൽ നിന്നുകൊണ്ടുതന്നെ അഭിവൃദ്ധി പ്രാപിക്കാനാവുമോ? 62% അതെ

അമേരിക്കയുമായുള്ള അവിഹിതബന്ധം സ്വാർഥമോഹികളായ നേതാക്കളുടെ മാത്രം അജണ്ടയാണെന്നും പൊതുജനം ഇതിനെതിരാണെന്നുമാണ് സർവേ ഫലം വിളിച്ചോതുന്നത്. ഇതിന്റെ അന്തിമ തീരുമാനം വാഷിംഗ്ടണിലെയോ ഇസ്‌ലാമാബാദിലെയോ കൊട്ടാരത്തിലല്ല ഉണ്ടാവുക. പാകിസ്താനിലെ തെരുവുകളിൽ തന്നെയാ

യിരിക്കുമെന്ന് നമുക്കുറപ്പിക്കാം. ജഡ്ജിമാരെ പുനരവരോധിക്കുന്നതിൽ അന്തിമ തീരുമാനം ജനങ്ങളുടേതായിരുന്നു എന്നതുപോലെ ഇക്കാര്യത്തിലും അവസാനവാക്ക് ജനങ്ങളുടേതുതന്നെയായിരിക്കും.

1945 മുതൽ 1989 വരെ ലോകം ശീതയുദ്ധത്തിന്റെ പിടിയിലമർന്നിരുന്ന ഘട്ടത്തിൽ, അമേരിക്കൻ രാഷ്ട്രീയത്തിൽ പാകിസ്താന് ശ്രദ്ധേയമായ റോൾ ഉണ്ടായിരുന്നു. എന്നാൽ 1990 ഓടെ ലോകത്തിന്റെ മുഖം മാറി. ഏകധ്രുവ ലോകത്തിനായി പുതിയ അജണ്ട തീരുമാനിക്കപ്പെട്ടു. ലോക സാമ്പത്തിക ക്രമം, മതേതര ജനാധിപത്യം, സ്വതന്ത്ര വ്യാപാരം, അമേരിക്കയുടെ ലോക പോലീസ് എന്നതായി പുതിയ ലോകക്രമം. സംസ്കാരങ്ങളുടെ പാരസ്പര്യം എന്നും രാഷ്ട്രീയ സാമ്പത്തിക ലിബറലിസമെന്നുമൊക്കെ അതിനെ ഓമനപ്പേരിൽ വിളിച്ചുവെങ്കിലും ലോകത്തെ അധിനിവേശിക്കുകയെന്നതായിരുന്നു ആത്യന്തിക ലക്ഷ്യം. ഇസ്‌ലാമും മുസ്‌ലിം രാഷ്ട്രങ്ങളും പ്രത്യേകം ടാർഗറ്റ് ചെയ്യപ്പെട്ടു. ഈ പുതിയ യുദ്ധചിത്രത്തിൽ ഇറാനും പാകിസ്താനും പിന്നെ മധ്യ പൂർവ ദേശങ്ങളുമാണ് കൂടുതൽ ശ്രദ്ധേയമായി അടയാളപ്പെടുത്തപ്പെടുന്നത്. ആപത്കരമായ കൂച്ചുവിലങ്ങുകളാണ് ഇവയെ അണിയിക്കാൻ ശ്രമിക്കുന്നത്. പാക്-ഇറാൻ ബന്ധങ്ങൾ വഷളാക്കാനും ശ്രമം നടക്കുന്നു. അഫ്ഗാനുമായുള്ള യുദ്ധത്തിൽ പങ്കാളിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് അതിർത്തികളിൽ കടന്നുകയറ്റവും സൈനിക നടപടികളും നടത്തുന്നത്. എല്ലാ അന്താരാഷ്ട്ര മര്യാദകളും കാറ്റിൽ പറത്തിയാണ് അമേരിക്ക ഇവിടെ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ശക്തിപ്രയോഗിച്ചും കൈക്കൂലി കൊടുത്തും ബ്ലാക്ക് മെയിൽ ചെയ്തുമാണ് അവർ ലക്ഷ്യം നേടുന്നത്. ഈയിടെ ഹിലരി ക്ലിന്റൻ പുതിയൊരു പ്രോപഗണ്ടാ യുദ്ധത്തിനും തുടക്കമിട്ടിരിക്കുന്നു.



● ജോർജ് കെനൻ

## സഹായങ്ങളുടെ പിന്നാമ്പുറ താൽപര്യങ്ങൾ

ഈ പരിതഃസ്ഥിതിയിൽ പാർലമെന്റിന്റെ എതിർപ്പുണ്ടായിട്ടും കെറി-ലുഗാർ ബിൽ അംഗീകരിച്ച കാബിനറ്റിന്റെ നടപടി മുശർറഫ് നയങ്ങളുടെ തുടർച്ചയാണ്; ഏറെ അപലപനീയവും. 2007 മാർച്ച് ഒമ്പതിന് കോടതിയുടെ സ്വാതന്ത്ര്യവും നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതയുമാണ് മുശർറഫ് ഹനിച്ചതെങ്കിൽ, ഇപ്പോൾ രാഷ്ട്രത്തിന്റെ മൊത്തം സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനുമാണ് വിലങ്ങ് വീണിരിക്കുന്നത്. അന്തസ്സും ആഭിജാത്യവുമാണ് അമേരിക്കക്ക് പണയപ്പെടുത്തിയിരിക്കുന്നത്. ഇതിനെയാണ് സർദാരിയും വിദേശകാര്യമന്ത്രിയും 'ചരിത്ര വിജയ'മെന്നും അമേരിക്കയുമായുള്ള 'ദൃഢ സൗഹൃദ'മെന്നും വിശേഷിപ്പിച്ചത്!

ബില്ല് പ്രകാരം അഞ്ചു വർഷത്തേക്കാണ് അമേരിക്കയുടെ സഹായ വാഗ്ദാനം. ഓരോ വർഷവും മോണിറ്ററിംഗ് നടക്കും. ഓരോ ആറ് മാസത്തെയും റിപ്പോർട്ട് അമേരിക്കൻ വിദേശകാര്യവകുപ്പ് തയാറാക്കും. കണക്കും ഓഡിറ്റും മേൽനോട്ടവും നടത്തുക അവരായിരിക്കും. 42 ഉപാധികളിൽ ഏതെങ്കിലുമൊന്ന് പാലിക്കുന്നതിൽ വീഴ്ചയുണ്ടെന്ന് റിപ്പോർട്ടുകളിൽ കണ്ടാൽ മതി, അടുത്ത ഗഡു മുടങ്ങിയതുതന്നെ. അതുകൊണ്ട് പാകിസ്താന്റെ വളർച്ചക്ക് ഇത് അനുഗുണമാവുമെന്ന് കരുതുന്നത്

അങ്ങേയറ്റത്തെ മൗഢ്യമാണ്. ഏഴര ബില്യൻ ഡോളറിനെയാണ് ഏറ്റവും വലിയ സഹായമെന്ന് വിശേഷിപ്പിക്കുന്നത്. 1984–ൽ മാത്രം 5.1 ബില്യൻ ഡോളർ പാകിസ്താന് ലഭിച്ചിരുന്നത് ഇത്തരം വ്യവസ്ഥകളും കാണാചരടുകളും ഇല്ലാതെയായിരുന്നു എന്നോർക്കണം. മാത്രവുമല്ല, ഡോളറിന്റെ അടിക്കടിയുള്ള വിലയിടിവ് തുടരുമ്പോൾ ഈ സഹായം (വർഷത്തിൽ ഒന്നര ബില്യൻ ഡോളർ) കടല കൊറിക്കാൻ പോലും തികയുമോ? അതിൽ തന്നെ 200 മില്യൻ ഡോളർ അമേരിക്കയുടെ നടത്തിപ്പ് മേൽനോട്ടത്തിനായി ചെലവിടും. ബാക്കി വർഷത്തിൽ 1.3 ബില്യൻ ഡോളർ. അമേരിക്കൻ എംബസിയുടെ നവീകരണത്തിനും വികസനത്തിനുമായി ഇതിൽനിന്ന് 600–700 മില്യൻ ഡോളർ നീക്കിവെക്കുമത്രെ. സഹായം നൽകുന്നവർ 50 ശതമാനം തിരിച്ചുപിടിക്കുകയും, 20 ശതമാനം നൽകുന്നവരുടെ പിടിപ്പുകേട് മൂലം നഷ്ടപ്പെടുമെന്ന് കണക്കാക്കുകയും ചെയ്താൽ പാകിസ്താന് കിട്ടുക പ്രഖ്യാപിക്കപ്പെട്ട സഹായത്തിന്റെ 30 ശതമാനം മാത്രമായിരിക്കും! അതുതന്നെ അവർക്ക് താൽപര്യമുള്ള പദ്ധതികളിൽ മാത്രമാണ് ചെലവഴിക്കപ്പെടുക. ഏതൊക്കെ പ്രോജക്ടുകൾ തുടങ്ങി അപൂർണമായി ഉപേക്ഷിക്കപ്പെടുമെന്നും എത്രത്തോളം പ്രഖ്യാപനങ്ങളിലൊതുങ്ങുമെന്നും കണ്ടറിയുക തന്നെവേണം.

## രാഷ്ട്രത്തിന്റെ പരമാധികാരം

ഗവൺമെന്റിന് നേരിട്ടായിരിക്കില്ല പലപ്പോഴും പണം നൽകുക; അമേരിക്കൻ നയങ്ങളുടെ നടത്തിപ്പുകാരായ എൻ.ജി.ഒകൾ വഴിയായിരിക്കും. ബില്ലിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സെലക്ഷനും സർട്ടിഫിക്കറ്റ് വിതരണവുമൊക്കെ യു.എസ് സ്റ്റേറ്റ് സെക്രട്ടറിയുടെ തീർപ്പിന് വിധേയമായിരിക്കും. ഓഡിറ്റിന്റെ പൂർണ ചുമതലയും മോണിറ്ററിംഗും അവരിൽ നിക്ഷിപ്തമായിരിക്കും.

പാകിസ്താന്റെ ആഭ്യന്തര കാര്യങ്ങളിൽ അമേരിക്കൻ ഇടപെടൽ തുടങ്ങിയിട്ട് നാളുകളേറെയായി. ഇപ്പോൾ ഈ ബില്ലിലൂടെ അതിന് നിയമസാധുത ഉണ്ടാക്കിയെടുത്തിരിക്കുന്നു. ഇതിന്റെ അപകടം പാകിസ്താന് പുറത്തുള്ള രാഷ്ട്രീയ നിരീക്ഷകർ തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലണ്ടനിലെ *ഗാർഡിയൻ* പത്രത്തിന്റെ (2009 ഒക്ടോബർ 21) നിരീക്ഷണം കാണുക:

"പാകിസ്താന്റെ രാഷ്ട്രീയ വിദ്യാഭ്യാസ പാരിസ്ഥിതിക കാര്യങ്ങളിൽ വരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിവെക്കുന്നതാണ് ഈ അമേരിക്കൻ സഹായം. എത്രത്തോളം തുക നേരിട്ട് നൽകുമെന്നും എത്രമാത്രം അവിടെ ചെലവഴിക്കുമെന്നും കണ്ടുതന്നെ അറിയണം. പദ്ധതി നടത്തിപ്പിന് 50 ശതമാനം തുക ചെലവഴിക്കേണ്ടിവരുമെന്ന് പാക് ധനമന്ത്രിയുടെ മുൻകൂർ ജാമ്യത്തിൽനിന്നുതന്നെ കാര്യം വ്യക്തമാണ്. സഹായം അഴിമതി മുക്തമാക്കുന്ന കാര്യത്തിൽ കോൺഗ്രസ്സും പെന്റഗണും പ്രതിജ്ഞാബദ്ധമാണത്രെ. പാകിസ്താൻ സ്വന്തം നിലനിൽപിന് അമേരിക്കയെ ആശ്രയിക്കുന്നത് എത്ര ഖേദകരമല്ല!"

കാര്യങ്ങൾ കൈവിട്ട് പോയെന്നതിന് വേറെ തെളിവ് വേണോ? ഈ ബിൽ നടപ്പിൽ വരുന്നതോടെ പാകിസ്താൻ വീണ്ടും വിദേശാധിപത്യത്തിന് കീഴിലാകും. അമേരിക്കൻ സ്റ്റേറ്റ്സിനകത്തെ സ്റ്റേറ്റല്ല, സ്റ്റേറ്റ്സിന് പുറത്തുള്ള സ്റ്റേറ്റ്.

ബില്ലിൽ ധനസഹായത്തോടൊപ്പം സുരക്ഷിതത്വ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്റ്റേറ്റ്മെന്റ് ഓഫ് പ്രിൻസിപ്പിൾസ് എന്ന നാലാം വകുപ്പിൽ അഞ്ച് തത്ത്വങ്ങൾ വിവരിക്കുന്നു. അതിൽ അഞ്ചാമത്തേത് സാമ്പത്തികവും സുരക്ഷിതത്വ സഹായവുമാണ് ചർച്ച. ഇതേക്കുറിച്ച് അമേരിക്കയിലെ പാക് അംബാസഡർ മലീഹ

**സാമ്രാജ്യത്വത്തിന്റെ ഏത് ഉത്തരവും അനുസരിക്കാൻ തയാറായ സർദാരിയുടെ കരണക്കുറ്റിക്ക് കിട്ടിയ അടിയാണ് പുതിയ ബില്ല്. സ്വതന്ത്രവും നിർഭയവുമായ ഒരു വിദേശനയത്തിന്റെ അഭാവമാണ് പാകിസ്താന്റെ ശാപം. രാജ്യ താൽപര്യത്തിനനുഗണവും രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക നേട്ടങ്ങൾക്ക് ഉപയുക്ത വുമായ ഒരു വിദേശനയം സ്വീകരിക്കാനുള്ള നട്ടെല്ലിന്റെ അഭാവ ത്തിൽ ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാൻ ഇവർക്കാ വുന്നില്ല.**

---

ലോധി *ദ ന്യൂസിൽ* എഴുതി: "പാകിസ്താന്റെ ശക്തി ദുർബലപ്പെടുത്തുന്നതിന് ഈ ബിൽ തുടക്കമിടുമെന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു. സൈനികോദ്യോഗസ്ഥരും സിവിലിയന്മാരും തമ്മിൽ പരസ്പര വിശ്വാസമില്ലെന്ന് തോന്നിപ്പോകുംവിധമാണ് ബില്ലിന്റെ നിരീക്ഷണം. ഇവിടത്തെ രാഷ്ട്രീയ ഭരണനേതൃത്വം, പാകിസ്താന്റെ സുര ക്ഷിതത്വവുമായി ബന്ധപ്പെട്ട ഇക്കാര്യം ഉൾപ്പെടുത്തുന്നതിൽ പങ്കാളിയായിട്ടുണ്ടോ അതോ അതിന് അവരെ പ്രേരിപ്പിക്കുക മാത്രമാണോ ചെയ്തത് എന്നേ അറിയാനു ള്ളൂ" (2009 ഒക്ടോബർ 20).

മലീഹാ ലോധിക്ക് അമേരിക്കൻ വിരോധമോ ഒബാമയോടോ ഹിലരി ക്ലിന്റ നോടോ വിദ്വേഷമോ ഉള്ളതായി ആരും ആരോപിക്കില്ല. എന്നിരിക്കെ വളരെ വ്യക്ത മായ ഭാഷയിൽ ഇവർ ഇക്കാര്യം എഴുതിയത് രാഷ്ട്രീയക്കാരുടെ കണ്ണ് തുറപ്പിക്ക ണം.

അവർ തുറന്നെഴുതുന്നു: "ആണവായുധ വ്യാപനം, ഭീകരതാ വിരുദ്ധ യുദ്ധം തുടങ്ങിയവയുടെ നിയന്ത്രണവും സൈനിക ബജറ്റിന്റെ നിരീക്ഷണവും അമേരി ക്കക്ക് പതിച്ചുനൽകുന്നു ബില്ലിലെ വ്യവസ്ഥകൾ. സൈനിക സഹായം മാത്രമല്ല മറ്റെല്ലാ ബന്ധങ്ങളും സോപാധികമായിരിക്കും. ഇത് മറ്റു പാശ്ചാത്യ രാജ്യങ്ങളുമാ യുള്ള ബന്ധങ്ങളിലും പ്രതിഫലിക്കും. പാകിസ്താന്റെ ആഭ്യന്തരവും വൈദേശിക വുമായ നയങ്ങളിൽ അമേരിക്ക കൈകടത്തുന്നതിനുള്ള ദീർഘകാല പദ്ധതിയുടെ ഭാഗമാണിത്.

പാകിസ്താന്റെ സായുധ സേനയെ അവിശ്വസിക്കുകയെന്നതാണ് ഇതിന്റെ മറ്റൊരു പരിണതി. ചില വകുപ്പുകൾ ചേർത്തു വായിക്കുമ്പോൾ പാകിസ്താന്റെ ആണവ പരിപാടിയെ ഇല്ലാതാക്കാനുള്ള സൂക്ഷ്മമായ നീക്കങ്ങളും കാണാവുന്നതാ ണ്. പാകിസ്താന്റെ ഭീകരതക്കെതിരെ എടുക്കുന്ന നടപടികൾ വാഷിംഗ്ടണിന്റെ തിട്ടൂരമനുസരിച്ചാണെന്ന് തെറ്റിദ്ധരിക്കപ്പെടും. അത് ദേശീയ തലത്തിൽ വളരെ അസ്വാ സ്ഥ്യങ്ങളുണ്ടാക്കും. ഇതിൽ ചിലേടത്ത് പ്രയോഗിച്ച ഭാഷ പോലും മേലധികാരിക ളുടേതാണ്."

### നിഷ്പക്ഷ നിരീക്ഷണം

പി.പി.പി നേതാക്കളും ഭരണകർത്താക്കളുമൊഴികെയുള്ള ബുദ്ധിജീവികളും പത്രപ്രവർത്തകരും സൈനികോദ്യോഗസ്ഥർ പോലും മനസ്സിലാക്കുന്നത് ഇത് പാകി സ്താന് ദൂരവ്യാപകമായ നഷ്ടം വരുത്തുമെന്നാണ്. *വാഷിംഗ്ടൺ പോസ്റ്റിൽ* ഡേവിഡ് ഇഗ്നേഷ്യസ് എഴുതി: "പരസ്പര ബന്ധം മെച്ചപ്പെടുത്തുന്നതിനാണ് കോൺഗ്രസ് സഹായം മൂന്നിരട്ടിയാക്കാൻ തീരുമാനിച്ചത്. എന്നാൽ പാകിസ്താന് മാനഹാനിയു

ണ്ടാക്കുന്ന വ്യവസ്ഥകളാണ് ബില്ലിൽ എഴുതിച്ചേർത്തത്. അതാകട്ടെ പാകിസ്താനിൽ അമേരിക്കൻ വിരുദ്ധ വികാരം ശക്തിപ്പെടാനേ ഉപകരിക്കൂ. ഞാൻ ഇസ്‌ലാമാബാദ് സന്ദർശിച്ചപ്പോൾ അവിടത്തെ പത്രങ്ങളിൽ അമേരിക്കൻ വിരുദ്ധ വികാരമാണ് അലയടിച്ചുകൊണ്ടിരുന്നത്" (11.10.2009).

അമേരിക്കയിലെ World Political Review ലേഖകൻ ക്ലൗഡ് റാകിസിറ്റ്സ് അപകടകരമായ മറ്റൊരു വശം ചൂണ്ടിക്കാട്ടുന്നു: "ബില്ലിലെ ചില ഉപാധികൾ പാകിസ്താനിലെ സിവിൽ–സേനാ വിരോധത്തിനു കാരണമാവുകയും അതിന്റെ ജനാധിപത്യ ശാക്തീകരണത്തിൽ വിള്ളലുണ്ടാക്കുകയും ചെയ്യും. പാകിസ്താൻ സൈന്യത്തിനു മേൽ സിവിൽ കൺട്രോൾ ഉണ്ടോ എന്ന് ഓരോ ആറു മാസവും ഹിലരി ക്ലിന്റൻ കോൺഗ്രസ്സിന് റിപ്പോർട്ട് നൽകുമെന്ന ഉപാധി സൈന്യത്തെ വല്ലാതെ പ്രകോപിപ്പിച്ചിട്ടുണ്ട്." അമേരിക്കയുടെ ഏതാജ്ഞയും ശിരസാ വഹിക്കാൻ സർദാരി തയാറാണെന്ന അപഖ്യാതി പാകിസ്താനിൽ ചർച്ചാ വിഷയമായിരിക്കുന്നു. മറ്റെവിടെത്തേക്കാളേറെയും അമേരിക്കൻ വിരോധികളുള്ള ഈ നാട്ടിൽ അതിന്റെ പരിണതി ഊഹിക്കാൻ പോലും പറ്റാത്തതാണ്.

സാമ്രാജ്യത്വത്തിന്റെ ഏത് ഉത്തരവും അനുസരിക്കാൻ തയാറായ സർദാരിയുടെ കരണക്കുറ്റിക്ക് കിട്ടിയ അടിയാണ് പുതിയ ബില്ല്. സ്വതന്ത്രവും നിർഭയവുമായ ഒരു വിദേശനയത്തിന്റെ അഭാവമാണ് പാകിസ്താന്റെ ശാപം. രാജ്യ താൽപര്യത്തിനനുഗണവും രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക നേട്ടങ്ങൾക്ക് ഉപയുക്തവുമായ ഒരു വിദേശനയം സ്വീകരിക്കാനുള്ള നട്ടെല്ലിന്റെ അഭാവത്തിൽ ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാൻ ഇവർക്കാവുന്നില്ല.

'അമേരിക്ക പുറത്തുപോകണം' എന്ന മുദ്രാവാക്യത്തിന് ഇപ്പോൾ ശക്തിപകർന്നിരിക്കുന്നു ഈ പുതിയ സഹായവാഗ്ദാനം. കെറി–ലുഗാർ ബിൽ പാകിസ്താനിലെ പൊതുജനത്തെ ഉണർത്തുന്ന മണിനാദമായി മാറിയിരിക്കുന്നു. പാകിസ്തന്റെ സ്വാതന്ത്ര്യം, സ്വയംഭരണം, അന്തസ്സ് എന്നിവ നിലനിർത്താനും അധിനിവേശ ശക്തികളെ ചെറുക്കാനും ഈ സന്ദർഭം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷ. ■

(പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി ഉപാധ്യക്ഷനാണ് ലേഖകൻ)

*സംഗ്രഹ വിവർത്തനം:*
*അബ്ദുർറഹ്മാൻ കൊടിയത്തൂർ*